"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് ബഡ്ജറ്റ് പ്രവൃത്തി- 2023-24 പാലക്കാട് ജില്ല- പാലക്കാട് നിയോജകമണ്ഡലം - കണ്ണാടി ഗ്രാമപഞ്ചായത്ത്- **"കണ്ണാടി പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1575/2026/LSGD തീയതി,തിരുവനന്തപുരം, 21-08-2026

പരാമർശം:-
1. 28/04/2021 ലെ സ.ഉ(സാധാ)നം 67/2021/ധന സർക്കാർ ഉത്തരവ്
2. 20.09.2025 തീയതിയിലെ സ.ഉ(സാധാ)നം.7641/2025/ധന സർക്കാർ ഉത്തരവ്
3. തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 10.03.2026 ലെ LSGD/PD/7560/2025-EW6 നമ്പർ കത്ത്

**ഉത്തരവ്**

2023-2024 വർഷത്തെ ബഡ്ജറ്റിൽ അനുബന്ധം-II, വാല്യം-II ക്രമ നമ്പർ.512 ആയി ഉൾപ്പെടുത്തി 5 കോടി രൂപ അടങ്കൽ തുകയും 20% പ്രൊവിഷനും അനുവദിച്ച് കായിക വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി ഉൾ പ്പെടുത്തിയ **"കണ്ണാടി പഞ്ചായത്തിൽ മിനി സ്റ്റേഡിയം (with LA)"** എന്ന പ്രവൃത്തിയ്ക്ക് പകരമായി പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കികൊണ്ട് **"കണ്ണാടി പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം"** എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തി അക്രഡിറ്റ് ഏജൻസി മുഖേന PMC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് ബഹു. പാലക്കാട് നിയോജകമണ്ഡലം എം.എൽ.എ. കത്ത് നൽകിയതിനെ തുടർന്ന് പരാമർശം (1) സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പാലക്കാട് ജില്ലാപഞ്ചായത്ത് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ M/s ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, പൂജപ്പുര, തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ കുറവ് നിരക്ക് സെന്റേജായ 4.42% നിരക്കിലുള്ള ടെണ്ടർ അംഗീകരിക്കുകയും, **"കണ്ണാടി പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം'** എന്ന പ്രവൃത്തി അംഗീകൃത അക്രഡിറ്റഡ് ഏജൻസിയെ കൊണ്ട് നടപ്പിലാക്കുന്നതിനായി ടി പ്രവൃത്തിയുടെ അംഗീകരിച്ച 500,00,000/- രൂപയുടെ ( DPR in DSR 2021) എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II- വാല്യം II ൽ ക്രമ നമ്പർ.512 ആയി 5 കോടി രൂപ അടങ്കൽ തുകയും 20% പ്രൊവിഷനും അനുവദിച്ച് ഉൾപ്പെടുത്തിയ പ്രവൃത്തിയ്ക്ക് പകരമായി പരാമർശം (2) ലെ ഭേദഗതി ഉത്തരവ് പ്രകാരം ഉൾപ്പെടുത്തിയ **"കണ്ണാടി പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം"** എന്ന പ്രവൃത്തിയ്ക്ക് ചുവടെ പറയുന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത പദ്ധതിക്ക് **500 ലക്ഷം രൂപയുടെ (അഞ്ഞൂറ് ലക്ഷം രൂപ മാത്രം**) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിയ്ക്ക് ആവശ്യമായ ചെലവ് **'4515-00-800-92(NP)'** എന്ന

ശീർഷകത്തിൽ അഡീഷണൽ പ്രൊവിഷൻ അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

റിമാർക്സ്

1. TS authority shall ensure that the proposed building / other structures is based on an economical structural design considering soil parameters from Soil investigation report.

2 The selection of the Accredited agency for this work shall be strictly based on G.O (P) No.7/2022/FIN dated 17/01/2022.

3. TS authority shall ensure that the provisions, quantities and rates are reasonable especially observed data's.

4. The PMC shall ensure that the building is planned considering site conditions.

5. The TS authority shall ensure that the provisions of electrical / fire fighting is of less maintenance and the detailed estimate for electrical and fire fighting items be prepared before issuing the TS.

6. Mandatory QC tests shall be ensured and shall be submitted to the payment authority.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, കണ്ണാടി ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധനകാര്യ വകുപ്പ് (3518219/Dev-3/148/2026-Fin dated 07.07.2026) (AS/LGD/26/52204)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർഡി
8) കരുതൽ ഫയൽ (ഡി.ബി1/88/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 21-08-2026
16:20:52

സെക്ഷൻ ഓഫീസർ